(Pages : 3) **Y – 3893**

Reg. No. : ..............................

Name : ..................................

# First Semester B.Com. LL.B/B.Sc. (IT) LL.B (Five Year Integrated) Degree Examination, July 2026

## Additional Language – Malayalam

## Paper II – ML 1111.2 : NOVEL, NATAKAM, SANCHARA SAHITHYAM

**[B.Com. LL.B : 2013 Admission Onwards; B.Sc. (IT) LL.B : 2025 Admission]**

Time : 3 Hours Max. Marks : 80

I. അരപ്പുറത്തിൽ (**50** വാക്ക്) കവിയാതെ **അഞ്ചു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1. 'നീ എന്തിനാ വരാലേ അതിനെ വെട്ടിമുണിങ്ങിയേത്? ദോഷോല്ലേ?' കുഞ്ഞിപ്പാത്തുമ്മ ഇങ്ങനെ പറയാനിടയായതെന്തുകൊണ്ട്?

2. 'അഭിനയമല്ല ആവശ്യം തൊലിക്കട്ടിയാണ്' ആരുടെ വാക്കുകൾ? സന്ദർഭമെന്ത്?

3. 'അജ്ഞാതനായ സുഹൃത്തേ അങ്ങനെയാണ് ഞാൻ അഗ്നിയായത്'. എങ്ങനെ?

4. കാലികമ്പിളിബാബയ്ക്ക് ആ പേരുവരുവാനുണ്ടായ കാരണമെന്ത്?

5. 'അരക്കാശിനു വിലയില്ലാത്ത വാലിയക്കാർപോലും പറഞ്ഞാൽ കേൾക്കാത്ത കാലമാണ്' സന്ദർഭം വ്യക്തമാക്കുക.

6. 'ഒറോതേ നീ മനുഷ്യസ്ത്രീയല്ല, ഒരു ദേവിയാണ്.' കുട്ടിച്ചൻ ഒറോതയോട് ഇങ്ങനെ പറയാനുണ്ടായ കാരണമെന്ത്?

7. 'കനാൻ നാട്ടിൽ കുന്നുകളനവധിയുണ്ട്. ഹെർമ്മോൻ ഒന്നേയുള്ളു' എന്ന് ദാവീദ് പറഞ്ഞതിന്റെ പൊരുളെന്ത്?

**(5 × 2 = 10 Marks)**

P.T.O.

Mar Gregorios College of Law Library

II. **ഒരു പുറത്തിൽ (120 വാക്ക്)** കവിയാതെ **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

8. 'ഞാൻ കണ്ടുപിടിക്കുമെന്നു പറയുന്നതിന്റെ രഹസ്യമിതാണ് മേംസാഹിബ്'. രഹസ്യമെന്ത്? വിശദമാക്കുക.

9. തുംഗനാഥിലെത്തിയ യാത്രികൻ കണ്ട കാഴ്ചകൾ എന്തെല്ലാം?

10. 'ഇതാണ് നമ്മുടെ തീ. നൃത്തം ചെയ്തുതുടങ്ങിയാൽ ഇവൻ ശരിക്കും തീയായി മാറും'. അലക്സാണ്ട്രിപ്പൂസ് ഇങ്ങനെ പറഞ്ഞത് എപ്പോഴാണ്?

11. പാശ്ചാത്യ പരിഷ്കൃതഭ്രമത്തെ 'കുറുപ്പില്ലാക്കളരി' പരിഹസിക്കുന്നതെങ്ങിനെ?

12. 'പ്രേമം ഒരു മനുഷ്യനെ ചെറുതാക്കുന്നെങ്കിൽ ഞാൻ ഒരു മണൽത്തരിയോള മായിക്കൊള്ളട്ടെ....' ഈ സംഭാഷണത്തിനു പിന്നിലെ വികാരമെന്ത്?

13. 'സ്നേഹിക്കുന്നവരെ ഉപദ്രവിക്കുക. ഉപദ്രവിക്കുന്നവരെ സ്നേഹിക്കുക'. കുഞ്ഞിമാളു ഇങ്ങനെ പറയാനിടയായതെന്തുകൊണ്ട്?

**(4 × 4 = 16 Marks)**

III. ഒന്നരപ്പുറത്തിൽ കവിയാതെ **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക.

14. 'ധനവാനോടു ചോദിച്ചു വാങ്ങുന്ന തേനിലും മധുരം ഒരു സാധു അറിഞ്ഞുതരുന്ന ഒരു കുമ്പിൾ ജലത്തിനാണ്' സ്വാമി ഇങ്ങനെ പറയാനിടയായ സംഗതിയെന്ത്?

15. കുടിയേറ്റക്കാരുടെ ജീവിതദുരിതങ്ങൾ ഒറോതയിൽ നോവലിസ്റ്റ് അവതരിപ്പിക്കുന്നതെങ്ങനെ?

16. അവശതയിൽ മനുഷ്യനും മൃഗവും തമ്മിൽ വലിയ വ്യത്യാസമില്ലെന്ന് രാധയ്ക്ക് തോന്നിയത് എന്തുകൊണ്ട്?

17. ബാലിദ്വീപിലെ രസകരമായ വിവാഹരീതികൾ വിവരിക്കുക.

18. 'മണലിൽ നിന്ന് കയറുപിരിക്കാനൊക്കുമോ കുഞ്ഞേ?' മാധവൻ നായർ പറഞ്ഞ വാക്കുകളുടെ പൊരുളെന്ത്?

19. നവീന നൃത്തകലയുടെ സാധ്യതകൾ നൃത്തം എന്ന നോവലിൽ അവതരിപ്പിക്കുന്നതെങ്ങനെ?

**(4 × 6 = 24 Marks)**

Mar Gregorios College of Law Library

IV. **രണ്ടു** പുറത്തിൽ കവിയാതെ **മൂന്നു** ചോദ്യത്തിന് ഉത്തരമെഴുതുക.

20. ഗ്രീക്കുനാടക സങ്കല്പത്തിലേക്ക് ബൈബിളിലെ നാടകീയ മുഹൂർത്തങ്ങളെ സന്നിവേശിപ്പിച്ചതാണ് 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകം. സമർത്ഥിക്കുക.

21. ഗഡുവാളികൾ എന്ന പഹാഡികളുടെ ജീവിതയാഥാർത്ഥ്യങ്ങളെ ഹിമവാന്റെ മുകൾത്തട്ടിൽ എന്ന യാത്രാവിവരണകൃതി വെളിപ്പെടുത്തുന്നതെങ്ങിനെ? പരിശോധിക്കുക.

22. യാഥാർത്ഥ്യത്തിൽ നിന്നും അതിയാഥാർത്ഥ്യത്തിലേക്കുള്ള സഞ്ചാരവഴിയാണ് സൈബറിടം. നൃത്തമെന്ന നോവലിനെ ആസ്പദമാക്കി വിശകലനം ചെയ്യുക.

23. അന്യവത്ക്കരിക്കപ്പെട്ട സമൂഹത്തെയാണ് ആൾക്കൂട്ടം പ്രതീകവത്ക്കരിക്കുന്നത്. സമർത്ഥിക്കുക.

24. മോഷണവും വ്യഭിചാരവും ഇല്ലാതാകണമെങ്കിൽ ദാരിദ്ര്യം നശിക്കണം. ഈ സന്ദേശം കെ. ദാമോദരൻ അവതരിപ്പിക്കുന്നതെങ്ങനെ? വിശദമാക്കുക.

**(3 × 10 = 30 Marks)**

---

Mar Gregorios College of Law Library